LIBRARY ARCHIVES Kerala Legislative Assembly

EXCISE POST—MUTTICHOOR—ESTABLISHMENT OF

203. Mr. K. S. Panicker *(Ezhuvas-Mukundapuram):*

താഴെ പറയുന്ന ചോദ്യങ്ങൾക്കു ഗവൺമെണ്ടു സദയം മറുപടി പറയുമോ.—

(എ) മുറിച്ചൂർ എക്സൈസ്സ് പോസ്റ്റ് സ്ഥാപിച്ചതു എന്നാണു്;

(ബി) ആ പോസ്റ്റ് സ്ഥാപിച്ചതിനുശേഷം എക്സൈസ്സ് കമ്മീഷണർ അവർകും, സക്കിൾ ഇൻസ്പെക്ടർ അവർകും ഇവർ ഓരോരുത്തർ ആ പോസ്റ്റ് എപ്പോഴെങ്കിലും സന്ദർശിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ഇവർ ഓരോരുത്തരും പ്രസ്തുത പോസ്റ്റ് സന്ദർശിച്ചിട്ടുള്ള കൊല്ലം, മാസം, തിയ്യതികളും പറയാമോ?

Mr. C. J. Mathew *(Joint Secretary to Government):*

(എ) ൧൯൫൫ മിഥുനം ൧-൦൯ മുതൽ.

(ബി) ഉണ്ടു്.

(സി) കമ്മീഷണർ— ൧൯൫൫ കർക്കടകം ൧൯-൦൯, ൧൯൫൬ കന്നി ൧൫-൦൯, and ൧൯൫൬ മീനം ൨൫-൦൯.

ഇൻസ്പെക്ടർ— ൧൯൫൫ വൃശ്ചികം ൨൪-൦൯, ൧൯൫൫ ധനു ൭-൦൯, and ൧൯൫൬ ചിങ്ങം ൩൦-൦൯.

UNLICENSED TREES—TAPPING OF—URAKAM RANGE

204. Mr. K. S. Panciker *(Ezhuvas-Mukundapuram):*

താഴെ പറയുന്ന ചോദ്യങ്ങൾക്കു ഗവൺമെണ്ടു സദയം മറുപടി പറയുമോ.—

(എ) ഊരകം റെയിഞ്ചിൽ മുദ്രവെക്കാത്ത തെങ്ങുകൾ ചെത്തുന്നതായി കണ്ടുപിടിച്ചു മാട്ടം ഇറക്കിച്ചതു് ഏതുതെങ്ങിൽ നിന്നാണു്;

(ബി) ആ കെസ്സു ചാർജ്ജുചെയ്തിട്ടുണ്ടോ;

(സി) ആ വൃക്ഷങ്ങൾക്കു വൃക്ഷനികുതി (tree tax) അടച്ചിരുന്നതാണോ;

(ഡി) പ്രസ്തുതതെങ്ങുകൾചെത്തിച്ചുകൊള്ളുവാൻ വീണ്ടും കല്പന കൊടുത്തിട്ടില്ലേ;

(ഇ) കൊടുത്തുവെങ്കിൽ അതിനുള്ളകാരണമെന്തു്;

(എഫ്) പ്രസ്തുത തെങ്ങുകൾ ഇപ്പോഴും ചെത്തുന്നുണ്ടോ;

(ജി) ഇല്ലെങ്കിൽ അതിനുള്ള കാരണമെന്തു്;

(എച്ച്) പ്രസ്തുത തെങ്ങുകൾ ഏതു ഷാപ്പിലേക്കാണു് ചെത്തിച്ചിരുന്നതെന്നും തൻമൂലം ആ ഷാപ്പുടമസ്ഥനു് എത്ര ഉറപ്പികഉദ്ദേശം നഷ്ടപ്പെട്ടിട്ടുണ്ടായിരിക്കണമെന്നും പറയാമോ;

(ഐ) ചെത്തു തെങ്ങിനു വൃക്ഷനികുതി (tree tax) അടച്ചു എത്രനാൾ കഴിയണം വൃക്ഷങ്ങൾക്കു മുദ്രവെക്കുവാൻ?

Mr. C. J. Mathew *(Joint Secretary to Government):*

(എ) കാലഘട്ടമൊ മറ്റൊ വിശദമാവാത്തതു കൊണ്ടു് ഉത്തരം പറയുവാൻ നിവൃത്തിയില്ല.

(ബി) മുതൽ (എച്ചു്) വരെ—മേൽ പ്രസ്താവിച്ച കാരണത്താൽ മറുപടി പറയുവാൻ സാദ്ധ്യമല്ല.

(ഐ) ചെത്തു വൃക്ഷങ്ങൾ മുദ്രവെക്കുവാൻ ഷാപ്പുലേലക്കാരൻ കാണിച്ചു കൊടുക്കുന്നതായാൽ ടി. ടി. അപേക്ഷാഫാറം സബ്ബു് ഇൻസ്പെക്ടർക്കു കിട്ടി കഴിഞ്ഞാൽ ൧൦ ദിവസത്തിനകം.

COMMITTEE—RATIONING SCHEME

205. Mr. K. Narayana Menon *(Mulakunnathukavu):* Will Government be pleased to state.—

(*a*) whether any committee has been duly constituted to work the rationing scheme;

(*b*) if the answer to (*a*) is in the affirmative where are they and their numbers;

(*c*) whether any such committees have met and recorded their decisions on any question of public importance during the period 1st Chingam 1119 to 30th Thulam 1119 inclusive and if so, will the Government be pleased to place those records on the Table for reference?

Rao Sahib M. M. Paul *(Director of Food Supplies):*

(*a*) Town, Taluk and Village Food Advisory Committees have been formed for this purpose.